പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2528 12/06/2018-ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകൾക്ക് ഐ.എഫ്.എസ്.സി. കോഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ. രാജൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്കാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്ക് ആർ.ബി.ഐ. യുടെ Direct Membership ൽ ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകൾക്ക് സബ് മെമ്പർഷിപ്പിൽ ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാ സഹകരണ ബാങ്കുകൾക്ക് ഐ.എഫ്.എസ്.സി. കോഡ് ലഭിക്കുന്നതിന് ആർ.ബി.ഐ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലാ സഹകരണ ബാങ്കുകൾക്ക് ഐ.എഫ്.എസ്.സി. കോഡ് ലഭിക്കുന്നതിന് ആർ.ബി.ഐ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.<br>1) മൂലധന പര്യാപ്തത (CRAR) 9% എങ്കിലും ഉണ്ടായിരിക്കണം.<br>2) നിഷ്ക്രിയാസ്തി (NPA) 5% ത്തിൽ കുറവായിരിക്കണം.<br>3) ബാങ്കിന് കുറഞ്ഞത് 50 കോടി Net worth ഉണ്ടായിരിക്കണം.<br>4) CRR, SLR നിലനിർത്തുന്നതിന് വീഴ്ച വരുവാൻ പാടില്ല.<br>5) കഴിഞ്ഞ രണ്ട് വർഷത്തിൽ ഒരു വർഷമെങ്കിലും Net Profit ആയിരിക്കണം.<br>6) ബന്ധപ്പെട്ട Regulatory Authority യുടെ ശുപാർശ ഉണ്ടായിരിക്കണം. |
| (സി) | ഐ.എഫ്.എസ്.സി. കോഡ് ലഭിക്കാത്ത ജില്ലാ സഹകരണ ബാങ്കുകൾക്ക് ആയത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുണ്ട്. 3 ജില്ലാ സഹകരണ ബാങ്കുകൾക്ക് Direct Membership ലും മറ്റ് ബാങ്കുകൾക്ക് സബ് മെമ്പർഷിപ്പിലുമാണ് ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുള്ളത്. ആർ.ബി.ഐ. യിൽ നിന്നും Direct ഐ.എഫ്.എസ്.സി കോഡ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ബാങ്കുകൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ